'ഭരണഭാഷ -മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2022 നവംബർ 1,2,3 തീയതികളിൽ ഉത്തർപ്രദേശിലെ ഗാസിയാബാദിലെ NCONF ആസ്ഥാനത്ത് പരിശീലനത്തിനായി 5 ഉദ്യോഗസ്ഥരെ നിയോഗിച്ച കൃഷി വകുപ്പ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു

---

**കൃഷി (പി.എ) വകുപ്പ്**

**സ.ഉ.(സാധാ)നം 1132 /2022/കൃഷി തീയതി, തിരുവനന്തപുരം, 21.12.2022**

---

പരാമർശം :- 1) കൃഷി ഡയറക്ടറുടെ 22.10.2022 ലെ റ്റി.എഫ്(2)4057/2021 നമ്പർ നടപടിക്രമം

2) കൃഷി ഡയറക്ടറുടെ 07.11.2022ലെ റ്റി.എഫ്(2)4057/2021 നമ്പർ കത്ത്

**ഉത്തരവ്**

റീജിയണൽ കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട് യോഗ്യത നിശ്ചയിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി നാഷണൽ സെന്റർ ഫോർ ഓർഗാനിക് & നാച്ചുറൽ ഫാമിംഗ് (NCONF)ന്റെ നേതൃത്വത്തിൽ, ഉത്തർപ്രദേശിലെ ഗാസിയാബാദിൽ വെച്ച് മൂന്ന് ദിവസത്തെ (2022 നവംബർ 1 മുതൽ 3 വരെ) റെസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്ത് നിന്ന് അഞ്ച് കൃഷി ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് ഉത്തർ പ്രദേശിലെ ഗാസിയാബാദിലെ NCONF ഡയറക്ടർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ചുവടെ സൂചിപ്പിക്കുന്ന കൃഷി ഉദ്യോഗസ്ഥരെ പരിശീലനത്തിനായി പങ്കെടുക്കുന്നതിന് പരാമർശം(1) പ്രകാരം കൃഷി ഡയറക്ടർ നിയോഗിക്കുകയും പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് ട്രെയിനിംഗ് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിക്കൊണ്ട് പരാമർശം(2) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

1) ശ്രീമതി. മിനി ജേക്കബ് (കൃഷി ഡെപ്യൂട്ടി ഡയറക്ടർ, സമേതി)
2) ശ്രീ.എസ്.എസ്.സാലുമോൻ (കൃഷി അസിസ്റ്റന്റ്ഡയറക്ടർ, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, മണ്ണുത്തി, തൃശ്ശൂർ)
3) ശ്രീമതി.ലത.ആർ (കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അഗളി ബ്ലോക്ക്, പാലക്കാട്)
4) ശ്രീ.ഫിലിപ്പ്ജി.ടി.കന്നാട്ട്(സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം,ഒക്കൽ, എറണാകുളം)
5) ശ്രീമതി.ലിസ്സിമോൾ.ജെ.വടക്കോട്ട്(സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ആലുവ, എറണാകുളം)

2.. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 നവംബർ 1,2,3 തീയതികളിൽ ഉത്തർപ്രദേശിലെ ഗാസിയാബാദിലെ NCONF ആസ്ഥാനത്ത് പരിശീലനത്തിനായി മുകളിൽ സൂചിപ്പിച്ചിട്ടുള്ള അഞ്ചു ഉദ്യോഗസ്ഥരെ നിയോഗിച്ച കൃഷി വകുപ്പു ഡയറക്ടറുടെ നടപടിയും ടി ഉദ്യോഗസ്ഥർ വിമാനയാത്ര നടത്തിയ നടപടിയും സാധൂകരിച്ച് ഉത്തരവാകുന്നു. ഭാരതീയ പ്രകൃതിക് കൃഷി (ബി.പി.കെ.പി) പദ്ധതിയിലെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകളുടെ ഘടകത്തിനായി SNA അക്കൗണ്ടിൽ ലഭ്യമായ തുകയിൽ നിന്നും പ്രസ്തുത ഉദ്യോഗസ്ഥരുടെ യാത്ര ചെലവും മറ്റ് ചെലവുകളും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**അജിത് ദാസ് എ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്/ആഡിറ്റ്II), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.